## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5281

31.10.2016-ൽ മറുപടിക്ക്

## മണൽ മാഫിയക്കെതിരെ സ്വീകരിച്ച നടപടികൾ

ചോദ്യം

ശ്രീ. എൻ .എ.നെല്ലിക്കുന്ന്

ഉത്തരം

ശ്രീ. പിണറായി വിജയൻ

(ബഹു.മുഖ്യ മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണൽ മാഫിയക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്ത മാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അനധികൃത മണൽ ഖനനവും കടത്തും തടയുന്നതിനായി ജില്ലാ, താലൂക്ക് , റവന്യൂ ഡിവിഷണൽ തലങ്ങളിൽ റവന്യൂ, പോലീസ് സംയുക്ത സ്ക്വാഡ് പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. കൂടാതെ മണൽ അനധികൃതമായി കൂട്ടി വെച്ചിരിക്കുന്നതോ വാഹനത്തിൽ കൊണ്ടു പോകുന്നതോ കണ്ടാൽ ആയത് പിടിച്ചെടുക്കുകയും ഉത്തരവാദികൾക്കെതിരെ KPRD & RRS Act, MMDR Act എന്നിവ പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | അനധികൃതമായി മണൽ കടത്തിയ എത്ര വാഹനങ്ങൾ ഈ സർക്കാർ വന്നശേഷം പിടികൂടിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ; | (ബി) | അനധികൃതമായി മണൽ കടത്തിയതിന് പിടിച്ചെടുത്ത വാഹനങ്ങളുടെ എണ്ണം - തിരുവനന്തപുരം-14, കൊല്ലം-11, ആലപ്പുഴ-10, കോട്ടയം-2, ഇടുക്കി-4, എറണാകുളം -2, മലപ്പുറം -240, പാലക്കാട് -27, കോഴിക്കോട്-12, കണ്ണൂർ-23, കാസർഗോഡ് -217, പത്തനംതിട്ട, തൃശ്ശൂർ, വയനാട് ജില്ലകളിൽ വാഹനം പിടിച്ചെടുത്തിട്ടില്ല. |
| (സി) | പിടിച്ചെടുത്ത വാഹനങ്ങൾ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളത്; ഉടമകൾക്ക് അവ തിരിച്ചു നൽകുമോ; എങ്കിൽ അതിനു സ്വീകരിക്കുന്ന മാനദണ്ഡമെന്താണ്; എത്ര കാലാവധിക്കു ശേഷമാണ് തിരിച്ചു നൽകുക; വിശദമാക്കുമോ; | (സി) | പിടിച്ചെടുത്ത വാഹനങ്ങൾ വിവിധ പോലീസ് സ്റ്റേഷനുകളിലും , താലൂക്ക് ഓഫീസ്, ആർ.ഡി.ഒ പരിസരത്തുമാണ് സൂക്ഷിച്ചിട്ടുള്ളത്. കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം 23(എ) 4 വകുപ്പിന് വിധേയമായി വാഹന ഉടമ ആവശ്യപ്പെടുകയാണെങ്കിൽ വാഹനത്തിന് ജില്ലാ കളക്ടർ നിശ്ചയിക്കുന്ന വില ഈടാക്കി നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് വാഹനം വിട്ടുതൽ ചെയ്യുന്നു. |
| (ഡി) | അനധികൃതമായി മണൽ കടത്തി എന്ന കുറ്റം ചെയ്തതിന്റെ പേരിൽ വാഹനങ്ങൾ ഉടമകൾക്ക് തിരിച്ചുനൽകാതെ നശിപ്പിക്കാറുണ്ടോ; എങ്കിൽ എത്ര വാഹനങ്ങൾ ഇങ്ങനെ നശിപ്പി ച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ഡി) | നശിപ്പിക്കാറില്ല. അനധികൃതമായി മണൽ കടത്തിയതിന് പിടികൂടുന്ന വാഹനങ്ങൾ തിരിച്ചെടുക്കുന്നതിന് ഉടമകൾക്ക് അവസരം നൽകാറുണ്ട്. ആയതു പ്രകാരം പിഴയും വിലയും അടക്കാത്ത കേസുകളിൽ വാഹനം ലേലം ചെയ്ത് സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | അനധികൃതമായി മണൽ വാരിയ എത്ര തോണികൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിടികൂടിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ; | (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തിരുവനന്തപുരം-3, ആലപ്പുഴ-5, മലപ്പുറം -90 എറണാകുളം -1, കണ്ണൂർ-2, കാസർഗോഡ് -1 തോണികൾ പിടികൂടിയിട്ടുണ്ട്. മറ്റു ജില്ലകളിൽ തോണികൾ പിടിച്ചെടുത്തിട്ടില്ല. |
| (എഫ്) | പിടിച്ചെടുത്ത തോണികൾ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളത്; ഉടമകൾക്ക് അവ തിരിച്ചു നൽകുമോയെന്ന് വ്യക്തമാക്കുമോ; | (എഫ്) | പിടിച്ചെടുത്ത തോണികൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചു വരുന്നു. സബ് ഡിവിഷണൽ മജിസ്ട്രേറ്റ് വിചാരണ നടത്തി നിശ്ചയിക്കുന്ന പിഴത്തുക ഒടുക്കുന്ന പക്ഷം തോണികൾ വ്യവസ്ഥകൾക്ക് വിധേയമായി ഉടമകൾക്ക് വിട്ടു കൊടുക്കുന്നു. |
| (ജി) | അനധികൃതമായി മണൽ വാരുന്ന തോണികളെ പിടികൂടി തകർക്കാറുണ്ടോ; എങ്കിൽ ഏത് നിയമവും വകുപ്പും അനുസരിച്ചാണ് ഇങ്ങനെ ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ? | (ജി) | അനധികൃതമായി മണൽ വാരുന്ന തോണികൾ പിടികൂടി തകർക്കാറില്ല. |

സെക്ഷൻ ഓഫീസർ